(സി) യൂണിഫോമിനുവേണ്ടി അനുവദിക്കപ്പെട്ടിരിക്കുന്ന ഇക എസ്.എസ്.എ.-യുടെ സംസ്ഥാന ഓഫീസിൽ നിന്നും എല്ലാ ജില്ലാ പ്രോജക്ട് ഓഫീസുകളിലേക്കും കൈമാറുകയും ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ എത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സി.-കൾ ആവശ്യത്തിനനുസരിച്ച് അദ്ധ്യായന വർഷം ആരംഭിക്കുന്നതിന് മുമ്പോ, ആരംഭിക്കുമ്പോഴോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.)-യുടെ അനുമതിയോടെ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഗുണമേന്മയുള്ള യൂണിഫോമുകൾ വാങ്ങുന്നതിനുള്ള ഇക കൈമാറുന്നു.

(ഡി) 2014-15 വർഷത്തെ സ്കൂൾ യൂണിഫോം നവംബർ 30-നകം വിതരണം പൂർത്തിയാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം

76 (1131) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം ഉറപ്പ് വരുത്തണമെന്ന ദേശീയ വിദ്യാഭ്യാസ അവകാശ നിയമവ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരം കുട്ടികളുടെ പഠനപ്രവേശനത്തിനായി നടത്തിവരുന്ന മത്സരപരീക്ഷകൾ, സ്കൂൾ പ്രവേശനത്തിനു ഈടാക്കുന്ന തലവരി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് മതിയായ സാഹചര്യം സൃഷ്ടിക്കാനുതകുന്ന പ്രസ്തുത വ്യവസ്ഥ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിയമനിർമ്മാണ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 2013-14 അദ്ധ്യയന വർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly

കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺ-എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ ആ ക്ലാസിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും ഓരോ കുട്ടിയ്ക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവണമെന്റ്/എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നുവരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ ഓഫ് പ്രൊമോഷൻ നടപ്പിലാക്കി. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.-യ്ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി.) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 13-ലും 2011-ലെ ജി.ഒ.(പി) 100/11/പൊവിഭ പ്രകാരമുള്ള കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 10(8)-ലും പ്രവേശനത്തിനായുള്ള മത്സര പരീക്ഷകളോ തലവലിയോ പാടില്ല എന്ന് കർശനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly